**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- പൊതു സ്ഥലംമാറ്റം 2017 -ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ. സുരേഷ് ലാൽ.എസ് ന്റെയും ഡോ. കണ്ണൻ.വി യുടെയും സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1- 43020/17/ആ.വ.ഡ തീയതി 06.07.2017
2. ഡോ. സുരേഷ് ലാൽ.എസ് ന്റെ 08.07.2017 ലെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1-43020/17/ആ.വ.ഡ തീയതി 16.10.2017**

പരാമർശം (1) പ്രകാരം, ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. കണ്ണൻ.വി യെ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും, കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. സുരേഷ് ലാൽ.എസ് -നെ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബുദ്ധിമാന്ദ്യമുള്ള സഹോദരനെ പൂർണ്ണമായും സംരക്ഷിക്കുന്നതിനാൽ 2017 ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കുള്ള സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കി കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ തന്നെ നില നിർത്തി തരണമെന്ന് പരാമർശം (1) പ്രകാരം ഡോ. സുരേഷ് ലാൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. കണ്ണൻ.വി യെ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും, കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. സുരേഷ് ലാൽ.എസ് -നെ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും സ്ഥലം മാറ്റിയ ഉത്തരവ് റദ്ദ് ചെയ്ത് ടി ജൂനിയർ കൺസൾട്ടന്റുമാരെ നിലവിലുള്ള സ്ഥാപനത്തിൽത്തന്നെ നിലനിർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

0359266

പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടുകൂടി നിലനിൽക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
3. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**